**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2113** **30-09-2025 - ൽ മറുപടിയ്ക്ക്**

**പൊലീസ് മർദ്ദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അടൂരിൽ ഭരണകക്ഷിയിൽപ്പെട്ട പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ യുവജന സംഘടനയുടെ പ്രവർത്തകനെ പൊലീസ് മർദ്ദിച്ച് കൊലപ്പെടുത്തി എന്ന പ്രസ്തുത വ്യക്തിയുടെ കുടുംബത്തിന്റെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ജോയൽ മരണപ്പെട്ടത് പോലീസ് മർദ്ദനത്തെ തുടർന്നാണെന്നും മരണകാര്യത്തിൽ സംശയമുണ്ട് എന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജോയലിന്റെ അച്ഛൻ ജോയിക്കുട്ടിയുടെ മൊഴിയിൽ അടൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 1798/2020 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്. കേസിന്റെ അന്വേഷണം സംബന്ധിച്ച് ജോയലിന്റെ ബന്ധുക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി അന്വേഷണം നടത്തിയിരുന്നതാണ്. ജോയലിന്റെ പോസ്റ്റ് മോർട്ടം പരിശോധനയിൽ മരണ കാരണം Postmortem findings are consistent with death due to occlusive coronary artery disease എന്നു രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടിയാന്റെ ഹൃദയത്തിലെ ധമനികളിൽ കൊഴുപ്പടിഞ്ഞ് രക്തയോട്ടം നിലച്ച് ഹൃദയസ്തംഭനം ഉണ്ടായി മരണം സംഭവിച്ചതാണെന്നും, ആന്റിമോർട്ടം ഇൻജ്വറീസ് മരിക്കുന്നതിന് 3 ദിവസങ്ങൾക്ക് മുൻപു സംഭവിച്ചതാണെന്നും ടി കേസിന്റെ അന്വേഷണത്തിൽ വെളിവായിട്ടുള്ളതാകുന്നു. കേസിന്റെ അന്വേഷണം 11-10-2021 തീയതി പൂർത്തിയാക്കിയിട്ടുള്ളതും ജോയലിന്റെ മരണം സ്വാഭാവിക മരണമായി പരിഗണിച്ച് അന്തിമ റിപ്പോർട്ട് തയ്യാറാക്കി ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) | അടൂരിലെ ജോലിത്തട്ടിപ്പുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച വിവരം പ്രസ്തുത വ്യക്തി പുറത്തുപറയുമോ എന്ന ഭയംമൂലം പ്രമുഖ രാഷ്ട്രീയകക്ഷി നേതാക്കളുടെ നിർദേശ പ്രകാരമാണ് പോലീസ് മർദ്ദനം നടത്തിയതെന്ന ആരോപണം | (ബി) | ഉണ്ട്. അന്വേഷണത്തിൽ ജോയലിനെ പോലീസ് മർദ്ദിച്ചതായി വെളിവായിട്ടില്ല. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ടതായി ആരോപിക്കപ്പെട്ട പൊലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | ഇല്ല. അന്വേഷണത്തിൽ ജോയലിന്റെ മരണം സ്വാഭാവിക മരണമാണെന്നു വെളിവായിട്ടുള്ളതും ആയത് സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിനാൽ കുറ്റാരോപിതരായ പോലീസുകാർക്കെതിരെ തുടർനടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ